**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2466** **12-02-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പിലെ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ മൂന്നു വർഷമോ അതിൽ കൂടുതലോ ഒരേ ഓഫീസിൽ ജോലി നോക്കിയിരുന്ന ജീവനക്കാരെ സ്ഥലം മാറ്റിയിരുന്നോ; നഗരകാര്യ വകുപ്പിൽ ഒരേ ഓഫീസിൽ മൂന്നോ അതിൽ കൂടുതലോ വർഷങ്ങളായി ജോലി നോക്കുന്നവർ ഉണ്ടെങ്കിൽ ആയവരുടെ പേര്, തസ്തിക, എത്ര വർഷമായി ഒരേ ഓഫീസിൽ തുടരുന്നു എന്നീ വിവരങ്ങൾ നൽകാമോ; ഇതിൽ മൂന്ന് വർഷത്തിൽ കൂടുതലായി ഒരേ ഓഫീസിൽ തുടരുന്നവരെ ഉടൻ സ്ഥലം മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ മൂന്നു വർഷമോ അതിൽ കൂടുതലോ ഒരേ ഓഫീസിൽ ജോലി നോക്കിയിരുന്ന ജീവനക്കാരെ സ്ഥലം മാറ്റുന്ന രീതിയിലാണ് ജനറൽ ട്രാൻസ്ഫർ സോഫ്റ്റ്‌വെയർ ക്രമീകരിച്ചിട്ടുള്ളത്. എന്നാൽ ചില ജീവനക്കാരുടെ ഇൻകുമ്പൻസി എൻട്രി നടത്തിയതിൽ തെറ്റുകൾ വന്നതിനാൽ സ്ഥലം മാറ്റത്തിൽ നിന്നും ഒഴിവായെങ്കിലും ആയതു ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ സ്ഥലം മാറ്റം സംബന്ധിച്ച വിഷയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.<br><br>നഗരകാര്യ വകുപ്പിൽ ഒരേ ഓഫീസിൽ മൂന്നോ അതിൽ കൂടുതലോ വർഷങ്ങളായി ജോലി നോക്കുന്നവരുണ്ടോ എന്നതു സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | തദ്ദേശ സ്വയംഭരണ വകുപ്പ് ട്രാൻസ്ഫർ അപേക്ഷകളിൽ തിരുവനന്തപുരം ജില്ലയിലേയ്ക്ക് എക്സ്സർവീസ് സീനിയോറിറ്റിയിൽ(ഹെഡ് ക്ളാർക്ക്/റവന്യൂ ഇൻസ്പെക്ടർ) എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; അവർ ആരെല്ലാം; അതിൽ ആർക്കൊക്കെ ട്രാൻസ്ഫർ അനുവദിച്ചു; ഇനി എത്ര എണ്ണം അനുവദിക്കാനുണ്ട്; വിശദമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | അനുവദിക്കപ്പെടാൻ ബാക്കി ഉള്ള അപേക്ഷകളിൽ ശാരീരിക അവശതകൾ കാരണം സേവനത്തിനിടയിൽ പെൻഷൻ പറ്റി പിരിഞ്ഞ വിമുക്ത ഭടൻമാരായവർ പ്രസ്തുത വിവരം കാണിച്ച് അപ്പീൽ അപേക്ഷ നല്കിയിട്ടും പരിഗണിയ്ക്കപ്പെടാതെയുള്ള എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നും അവയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ